# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട — 28-01-2019 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 2

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പ്രവർത്തനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ടി.വി.ഇബ്രാഹിം | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. അബ്ദുൽ ഹമീദ്.പി | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | : | |
| ശ്രീ. എൻ.ഷംസുദ്ദീൻ | : | |

| ചോദ്യം | മറുപടി |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണ പ്രവർത്തനം ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാകുമെന്നാണ് കരുതുന്നത് ; | (എ) 2015 ആഗസ്റ്റ് 17-ന് അദാനി കമ്പനിയുമായി കരാർ ഒപ്പിട്ട പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് 2015 ഡിസംബർ 5-നാണ്. കരാർ പ്രകാരം 2019 ഡിസംബർ 3 ന് ആണ് നിർമ്മാണം പൂർത്തീകരിക്കേണ്ടത്. ഓഖി ചുഴലിക്കാറ്റ് മൂലമുണ്ടായ നാശനഷ്ടങ്ങളും പാറ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ടുകളും പരിഗണിച്ച് നിർമ്മാണം പൂർത്തീകരിക്കുവാൻ 16 മാസം കൂടി അധികം വേണമെന്ന് അദാനി കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഓഖി മൂലമുണ്ടായ നാശനഷ്ടങ്ങൾ പദ്ധതിയുടെ നിശ്ചിത പൂർത്തീകരണ തീയതിയെ ബാധിക്കില്ല എന്ന ഇൻഡിപെൻഡന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലാവധി നീട്ടി നൽകണമെന്ന അദാനി കമ്പനിയുടെ ആവശ്യം വിഴിഞ്ഞം തുറമുഖ കമ്പനി നിരസിച്ചിട്ടുണ്ട്. |
| (ബി) പാറക്ഷാമം തുറമുഖ നിർമ്മാണത്തെ ബാധിച്ചിട്ടുണ്ടോ ; ഇത് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ ; | (ബി) വിഴിഞ്ഞം തുറമുഖ വികസനത്തിനായി ഏകദേശം 70 ലക്ഷം ടൺ പാറയാണ് ആവശ്യമായിട്ടുള്ളത്. പാറ കണ്ടെത്തുന്നതിനായുള്ള പ്രയാസം പുലിമുട്ട് നിർമ്മാണത്തിൽ കാലതാമസം ഉണ്ടാക്കുമെന്നും, ആയത് പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുമെന്നും ഇൻഡിപെൻഡന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അദാനി കമ്പനി സ്വന്തം നിലയിൽ ക്വാറികൾ ആരംഭിച്ച് കല്ല് കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. ഇതിനായി റവന്യൂ മൈനിംഗ് & ജിയോളജി, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ അനുമതികൾ നേടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് പാറ കൊണ്ടുവരുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ക്വാറികൾ തുടങ്ങുന്നതിനായുള്ള അപേക്ഷകൾ അദാനി കമ്പനി സമർപ്പിച്ചിട്ടുണ്ട്. |
| (സി) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടായ ആക്ഷേപങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് നിയോഗിച്ച ജസ്റ്റിസ് | (സി) യും (ഡി) യും ഉണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |

സി.എൻ. രാമചന്ദ്രൻ
നായർ കമ്മീഷൻ
സർക്കാരിന് റിപ്പോർട്ട്
സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഈ പദ്ധതിയിൽ അഴിമതിയോ രാഷ്ട്രീയ ദുരുപയോഗമോ നടന്നതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ഇ) തുറമുഖ പദ്ധതി കരാർ പ്രകാരം സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ?

(ഇ) രണ്ടാഴ്ച കൂടുമ്പോൾ പദ്ധതിയുടെ ഇൻഡിപെൻഡന്റ് എഞ്ചിനീയർ നടത്തുന്ന അവലോകന യോഗം കൂടാതെ സർക്കാർ തലത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യാനുസരണം അവലോകനയോഗങ്ങൾ നടത്തി പദ്ധതി പ്രവർത്തനങ്ങളെ വിലയിരുത്താറുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും (PIC) എംപവേർഡ് കമ്മിറ്റിയും (EC) പദ്ധതി നിർവ്വഹണത്തെ അവലോകനം ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. ഇതു കൂടാതെ പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03.07.2018-ലും, 01.01.2019-ലും യോഗം ചേർന്നിട്ടുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിതലത്തിലും, പ്രിൻസിപ്പൽ സെക്രട്ടറിതലത്തിലും യോഗങ്ങൾ ചേർന്ന് ദ്രുതഗതിയിലുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**